# അനാമിക റോയ് രാഷ്ട്രവാർ ഇഫ്കോ-ടോക്കിയോ സി.ഇ.ഒ.



കൊച്ചി► ഇഫ്കോ -ടോക്കിയോ ജനറൽ ഇൻഷുറൻസ് കമ്പനിയുടെ എം.ഡി.യും സി.ഇ.ഒ.യുമായി അനാമിക റോയ് രാഷ്ട്രവാറിനെ നിയമിച്ചു. മാർച്ച് 27 മുതൽ നിയമനം പ്രാബല്യത്തിൽ വന്നു.

രാജ്യത്ത് സ്വകാര്യ മേഖല ജനറൽ ഇൻഷുറൻസ് കമ്പനിയുടെ തലപ്പത്തേക്ക് ഇതാദ്യമായാണ് ഒരു വനിതയെ നിയമിക്കുന്നത്. വരേന്ദ്ര സിൻഹ സ്ഥാനമൊഴിഞ്ഞ ഒഴിവിലേക്കാണ് അനാമികയുടെ നിയമനം.

2018 ജൂൺ ഒന്നിന് മുഴുവൻസമയ ഡയറക്ടറായാണ് അനാമിക ഇഫ്കോ -ടോക്കിയോ ജനറൽ ഇൻഷുറൻസിൽ എത്തുന്നത്.